LIBRARY ARCHIVES Kerala Legislative Assembly

പുതിയ ബസ്സുകൾ

242 (7805) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പുതിയ ബസ്സുകൾ ഏതെല്ലാം കമ്പനികളിൽ നിന്നാണ് വാങ്ങിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം തരത്തിലുള്ള ബസ്സുകൾ എത്രവീതമാണ് വാങ്ങിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്നും ഇതിന് ഓരോന്നിനും നിശ്ചയിച്ച തുക എത്രയാണെന്നും പ്രത്യേകം വിശദമാക്കുമോ ;

(സി) ഈ ബസ്സുകൾ കർണ്ണാടകം, തമിഴ്നാട് സംസ്ഥാനങ്ങൾ വാങ്ങിച്ചിട്ടുള്ള തുക പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ-ഡി) 1350 കൺവെൻഷണൽ ബസ് ഷാസികളും 150 എയർ സസ്പെൻഷൻ ബസ് ഷാസികളും വാങ്ങുന്നതിന് ഇ-പ്രൊക്യൂർമെന്റ് സംവിധാനം മുഖേന ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ദർഘാസ് നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പുതിയ ബസ് ഷാസികൾ ഏതെല്ലാം കമ്പനികളിൽ നിന്നുമാണ് വാങ്ങിക്കുന്നതെന്നും ആയതിന് ആവശ്യമായ തുക എത്രയെന്നും നിർണ്ണയിക്കപ്പെട്ടിട്ടില്ല.

കെ.എസ്.ആർ.ടി.സി.-ക്ക് പുതിയ ബസ്സും സാമ്പത്തിക സഹായവും

243 (7806) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര ബസ്സുകൾ പുതുതായി നിരത്തിലിറക്കിയിട്ടുണ്ടെന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്; ഓരോ വർഷത്തേയും കണക്ക് ലഭ്യമാക്കുമോ;

(സി) ഈ സർക്കാരിന്റെ കഴിഞ്ഞ മൂന്നുവർഷങ്ങളിൽ കെഎസ്ആർടിസി-ക്ക് സാമ്പത്തിക സഹായത്തിനായി ഓരോ വർഷവും ബജറ്റിൽ എത്ര തുകയാണ് പ്രഖ്യാപിച്ചത്; ഇതിൽ ഓരോ വർഷവും എത്ര തുക ലഭിച്ചുവെന്ന് അറിയിക്കുമോ;

(ഡി) ബജറ്റ് പ്രഖ്യാപനത്തിന് പുറമെ സർക്കാർ എത്ര രൂപയുടെ സാമ്പത്തിക സഹായം കെ.എസ്.ആർ.ടി.സി.-ക്ക് ഇതിനകം നൽകിയിട്ടുണ്ട്;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര രൂപയുടെ സാമ്പത്തിക സഹായമാണ് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചത് ; ഓരോ വർഷവും ലഭിച്ച തുക വിശദമാക്കുമോ ;

(എഫ്) കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ ശരാശരി പ്രതിദിന വരുമാനം എത്ര രൂപയാണ് ; 2011 ഏപ്രിൽ മാസത്തിലെ ശരാശരി പ്രതിദിന വരുമാനം എത്ര രൂപയായിരുന്നു ;

(ജി) പെൻഷൻ ഉൾപ്പെടെ കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ ഒരു മാസത്തെ ശരാശരി ചെലവ് എത്ര രൂപയാണ് ; 2009, 2010 വർഷങ്ങളിലെ ഒരു മാസത്തെ ശരാശരി ചെലവ് എത്ര രൂപയായിരുന്നു ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 108 JnNURM ബസ്സുകൾ ഉൾപ്പെടെ 1148 ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

2011 (JnNURM - 71 ഉൾപ്പെടെ)	186
2012 (JnNURM - 29 ഉൾപ്പെടെ)	570
2013 (JnNURM - 8 ഉൾപ്പെടെ)	364
2014-ൽ	28
ആകെ	1148

(ബി) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 212 JnNURM ബസുകൾ ഉൾപ്പെടെ 2937 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

2006 - ൽ	29
2007 - ൽ	257
2008 - ൽ	832
2009 (JnNURM - 15 ഉൾപ്പെടെ)	827
2010 (JnNURM -100 ഉൾപ്പെടെ)	798
2011 (JnNURM -97 ഉൾപ്പെടെ)	194
ആകെ	2937

(സി) 2011-12, 2012-13 വർഷങ്ങളിലെ ബജറ്റ് പ്രസംഗങ്ങളിൽ യഥാക്രമം 100 കോടി രൂപയും 125 കോടി രൂപയും വകയിരുത്തിയതായി പ്രഖ്യാപിച്ചിട്ടുണ്ട്. 2013-14 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 186 കോടി രൂപയും കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

100 കോടി രൂപയുടെ പ്രത്യേക സഹായവും പ്രഖ്യാപിച്ചിട്ടുണ്ട്. ഓരോ വർഷവും കോർപ്പറേഷന് ലഭിച്ച തുകയെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

വർഷം	വായ്പ	പദ്ധതി വിഹിതം	ഗ്രാന്റ് (തുക കോടി രൂപയിൽ)	ആകെ
2011-12	140	42	32	214
2012-13	175	57.07	28 (ഡീസൽ സബ്സിഡി)	260.07
2013-14	425	59	...	484

(ഡി) ബജറ്റ് പ്രഖ്യാപനത്തിന് പുറമെ സർക്കാർ നൽകിയ സാമ്പത്തിക സഹായത്തെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

വർഷം	തുക
2011-12	114 കോടി രൂപ
2012-13	135.07 ,,
2013-14	198 ,,

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ച സാമ്പത്തിക സഹായത്തെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

വർഷം	തുക
2006-07	72 കോടി രൂപ
2007-08	96.33 ,,
2008-09	110.50 ,,
2009-10	120 ,,
2010-11	202 ,,

(എഫ്) . ജൂണിലെ കണക്കനുസരിച്ച് പ്രതിദിന ടിക്കറ്റ് വരുമാനം 5,14,23,851 രൂപയാണ്. 2011 ഏപ്രിൽ മാസത്തിലെ ശരാശരി പ്രതിദിന വരുമാനം 3,53,94,584 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) നിലവിൽ കോർപ്പറേഷന്റെ ഒരു മാസത്തെ ചെലവ് 228 കോടി രൂപയാണ്. 2009-10 - ലെ വാർഷിക കണക്കനുസരിച്ച് ഒരു മാസത്തെ ശരാശരി ചെലവ് 116.43 കോടി രൂപയാണ്.

2010-11-ലെ വാർഷിക കണക്കനുസരിച്ച് ഒരു മാസത്തെ ശരാശരി ചെലവ് 139.45 കോടി രൂപയാണ്.

കെ.എസ്.ആർ.ടി.സി. യെക്കുറിച്ചുള്ള പഠന റിപ്പോർട്ടുകൾ

244 (7807) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ ഉന്നമനം ലക്ഷ്യംവച്ച് 2001 മുതൽ എത്ര പഠനങ്ങൾ നടന്നിട്ടുണ്ട് ;

(ബി) പ്രസ്തുത പഠന റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ)

1. കെ.എസ്.ആർ.ടി.സി. യുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള പഠനം നടത്തുന്നതിനായി സർക്കാർ ഒരു ഹൈപവർ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി 32 ശുപാർശകളടങ്ങിയ ഒരു പഠന റിപ്പോർട്ട് സമർപ്പിക്കുകയും റിപ്പോർട്ടിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. (2003)

2. മേൽ പഠന റിപ്പോർട്ടിലെ ശുപാർശ പ്രകാരം, കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കുന്നത് (Organizational Restructuring) സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്.

3. സാമ്പത്തികവും മാനേജ്മെന്റ് തലത്തിലുള്ള പ്രതിസന്ധിയിൽ നിന്ന് കോർപ്പറേഷനെ കരകയറ്റുന്നതിനായി ശ്രീ. സുശീൽ ഖന്ന 2006-ൽ പഠനം നടത്തിയിട്ടുണ്ട്.

4. കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തികമായി പുനരുജ്ജീവിപ്പിച്ച്, പുനരുദ്ധരിക്കുന്നതിനുള്ള പഠനം നടത്തുന്നതിനായി M/s Varma & Varma, Chartered Accountants എന്ന സ്ഥാപനത്തെ 2012 ജനുവരി മാസം നിയോഗിക്കുകയും ടി സ്ഥാപനം പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പഠന റിപ്പോർട്ടുകളുടെ പകർപ്പ് ശേഖരിച്ച് ലഭ്യമാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly